
THE
BIBLE TRUTH

# "സുവിശേഷം അനുസരിക്കൽ"

## സുവിശേഷം

(റോമർ 1:16)

യോഹന്നാൻ 3:16

പ്രവൃത്തി 2:38




എഫെസ്യർ 2:8

എബ്രായർ 5:9

## സുവിശേഷം അനുസരിക്കൽ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **September 1998** **No. 6**


## എഡിറ്റോറിയൽ

ദൈവ നാമത്തെ ദുരുപയോഗിക്കുന്നവർ വളരെയുണ്ട്. ദൈവത്തിന്റെ പേരിൽ മനുഷ്യർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളെ തരംതിരിച്ചാൽ നന്മ സ്വീകരിക്കുന്നവരും നന്മക്കു വേണ്ടി നിലകൊള്ളുന്നവരുമുണ്ട്. അതുപോലെ ഒരുപാടു തിന്മകൾ ചെയ്തു കൂട്ടുന്നവരുമുണ്ട്. ദൈവ നാമത്തിൽ ഇവർ ചെയ്യുന്ന ക്രിയകളെയും അതിന്റെ വിവിധ കാരണങ്ങളെയും അനന്തര ഫലത്തെയും നാം അറിയാതിരിക്കരുത്. പലരും തങ്ങളുടെ ചിന്തയെ മനസിലാക്കത്തക്ക വിധം ഉപയോഗിക്കുന്നില്ല. തൻ നിമിത്തം മതത്തിന്റെ പേരിൽ, ദൈവത്തെ ഉപയോഗിക്കുന്നു. ദൈവ നാമം ദുഷിക്കപ്പെടലും ദൈവത്തിന്റെ നാമം വൃഥാ എടുക്കലും തുടങ്ങിയിട്ട് കാലമേറെയായി. അതു ഇന്നും തുടർന്നുകൊണ്ടു തന്നെ പോകുന്നു. മനുഷ്യരുടെ ഈ ആത്മിയ അന്ധതയെ ദൂരീകരിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. നാം ഉണർന്നിരുന്നില്ലെങ്കിൽ അതു നമുക്കു തന്നെ ദോഷം വരുത്തും.

ഇടക്കിടെ പത്രങ്ങളിലൂടെ വാർത്താ പ്രാധാന്യത്തോടെ ചില സംഭവങ്ങൾ നടന്നതായി വിവരിച്ചു കാണാറുണ്ട്. ആശ്രമം, ധ്യാനകേന്ദ്രം എന്നിവ നടത്തി അഴിമതിയും അനാശാസ്യ നടപടികളും നടന്നു വരുന്നതു പുറത്തുകൊണ്ടുവരുന്നു. പ്രവചനങ്ങൾ നടത്തി ആളുകളുടെ സ്വത്തുക്കൾ കവർന്നെടുത്തവരേയും ഇങ്ങനെ എടുത്തു

കാണിച്ചിട്ടുണ്ട്. മനുഷ്യർ വഞ്ചിക്കപ്പെടുകയും ചൂഷണത്തിനു വിധേയരാവുകയും ചെയ്യുന്നുണ്ട്. യേശുക്രിസ്തുവിന്റെ നാമം എടുത്തുകൊണ്ടുവന്ന സ്ത്രീകൾ ഉണ്ടായിട്ടുണ്ട്; ഏററവും ഒടുവിൽ ഒരു സ്ത്രീ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് അനുകരിക്കാൻ ശ്രമിച്ചതു പിടിക്കപ്പെട്ടു. ഇങ്ങനെ എണ്ണിയാൽ തീരാത്ത ഇത്തരം കള്ളത്തരങ്ങൾ സമൂഹത്തിൽ നടന്നിട്ടും ആളുകളുടെ കണ്ണു തുറക്കുന്നില്ല. ദൈവ വചനത്തെ പരിശോധിച്ച് സത്യം മനസിലാക്കാത്ത ജനങ്ങളാണ് ഇങ്ങനെ കബളിപ്പിക്കപ്പെടുന്നത്. ദൈവം പഴയ നിയമത്തിലും പുതിയ നിയമത്തിലും മുന്നറിയിച്ചിട്ടുള്ള കല്പനയാണ് ദൈവ നാമം വൃഥാ എടുക്കരുത് എന്നത്.

യേശുക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ ചെയ്യാൻ തങ്ങൾക്കു കഴിയും എന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്നവർ സമൂഹത്തിൽ ചുരുക്കമല്ല. ആളുകൾ അതു വിശ്വസിക്കയും ചെയ്യുന്നു. എന്നാൽ യേശുക്രിസ്തു ചെയ്തതോ അപ്പൊസ്തലന്മാർ ചെയ്തതോ ആയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാൻ ഇന്നു ഒരു മനുഷ്യനും സാദ്ധ്യമല്ല. ദൈവത്തിനു സകലവും സാദ്ധ്യമാണ്. പക്ഷെ മനുഷ്യർ ദൈവ നാമത്തെ തെററായി ഉപയോഗിച്ചുകൊണ്ടിരിക്കയാണ്. അവർക്കു വരാനിരിക്കുന്നതു കർത്താവു സൂചിപ്പിച്ചിട്ടുണ്ട്. ''ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും''. ജനങ്ങളെ സംബന്ധിച്ച് ഓരോരുത്തരും യഥാർത്ഥ ദൈവ ശക്തി എന്തെന്നും ദൈവത്തിന്റെ അരുളപ്പാടുകൾ എന്തെന്നും തിരിച്ചറിയണം. സത്യത്തിൽ മാത്രം വിശ്വസിക്കയും സത്യം മാത്രം അനുസരിച്ച് ജീവിക്കയും ചെയ്യുക.

★

# ക്രിസ്തുവിന്റെ ഉയിർപ്പ്

**J. C. ചോട്ട്**

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ അടിസ്ഥാനത്തിലാണ് രക്ഷയും സഭയും ക്രിസ്ത്യാനിത്വവും നിലകൊള്ളുന്നത്. ശത്രുക്കൾ ഈ വലിയ ചരിത്രസംഭവത്തെ എതിർക്കുന്നുണ്ടെങ്കിലും ഇതു മിത്ഥ്യയല്ല. സത്യമാണെന്നുതെളിയിക്കുന്ന ധാരാളം തെളിവുകൾ ഉണ്ട്.

ദേവാലയത്തിൽ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ യേശു ഒരു ചാട്ടവാറുകൊണ്ടു അടിച്ചു പുറത്താക്കിയപ്പോൾ അവൻ ഇതെന്ത് അധികാരം കൊണ്ടു ചെയ്യുന്നു എന്നും അതിനുള്ള അടയാളം എന്തെന്നും ചോദിച്ചു. ''യേശു അവരോടു: ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു പറഞ്ഞു. യെഹൂദന്മാർ അവനോടു: ഈ മന്ദിരം നാല്പത്താറു സംവത്സരം കൊണ്ടു പണിഞ്ഞിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ എന്നു ചോദിച്ചു. അവനോ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചത്രെ പറയുന്നതു. അവൻ ഇതു പറഞ്ഞു എന്നു അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർ ഓർത്തു തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു'' (യോഹന്നാൻ 2:19_22).

ലാസർ മരിച്ചശേഷം മാർത്തയേയും മറിയയേയും കാണുവാൻ യേശു പോയി. അപ്പോൾ മാർത്ത അവനോടു: കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു. നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്നായിരുന്നു യേശുവിന്റെ പ്രതികരണം. അവസാന നാളിലെ ഉയിർത്തെഴുല്പാണ് യേശു പറഞ്ഞതെന്ന് അവർ തെററിദ്ധരിച്ചു.

എന്നാൽ യേശു അവളോട്: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല, ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു (യോഹന്നാൻ 11:25-26). പിന്നെ അവൻ ലാസറിനെ അടക്കിയിരുന്ന കല്ലറക്കൽ ചെന്നു അവനെ ഉയിർപ്പിച്ചു.

കർത്താവിന്റെ മരണം അടക്കം, ഉയിർപ്പ് എന്നിവ നാം വായിക്കുന്നത് മത്തായി, മർക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളുടെ അവസാന ഭാഗങ്ങളിലാണ്. ഇതു ചരിത്രത്തിലെ ഏററവും വലിയൊരു സംഭവമാണ്. പാപം ഒന്നും ചെയ്യാത്ത യേശുവിനെ കുററം ആരോപിച്ച് വിചാരണ ചെയ്തു ക്രൂരമായി ഉപദ്രവിച്ചു ക്രൂശിൽ തറെച്ചു കൊല്ലുവാൻ ഏല്പിച്ചു കൊടുത്തതു അന്നത്തെ മഹാ പുരോഹിതന്മാരും പ്രമാണിമാരും ആയിരുന്നു എന്നു കാണുമ്പോൾ നമുക്കു ദുഃഖമുണ്ടാകും. അവൻ മരിച്ചു എന്നു ഉറപ്പു വരുത്തിയപ്പോൾ അരിമത്ഥ്യക്കാരനായ യോസേഫിന്റെ പുതിയ കല്ലറയിൽ അവനെ അടക്കി. അതോടെ ആ സംഭവം അവസാനിച്ചു എന്നാണ് അവർ കരുതിയത്. എന്നാൽ അവൻ പറഞ്ഞതുപോലെ തന്നെ മൂന്നാം നാൾ ഉയിർത്തെഴുന്നേററു. ശബ്ബത്തു കഴിഞ്ഞു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറെറ മറിയയും കല്ലറ കാൺമാൻ ചെന്നു. പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു. കല്ലു ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു. കാവൽക്കാർ അവനെ കണ്ടു പേടിച്ചു വിറെച്ചു. മരിച്ചവരെപോലെ ആയി. ദൂതൻ സ്ത്രീകളോടു ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെയില്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേററു; സ്ഥലം വന്നു കാൺമിൻ എന്നു പറഞ്ഞു (മത്തായി 28:1-7).

യേശുവിനെ അടക്കിയശേഷം കല്ലറ കാക്കുവാനായി ഏർപ്പാടുണ്ടാക്കുവാൻ നാടുവാഴിയോടു മഹാ പുരോഹിതൻ ആവശ്യപ്പെട്ടു. കാരണം അവൻെറ ശരീരം ആരെങ്കിലും എടുത്തുകൊണ്ടു പോകാതിരിക്കാനാണ്. എങ്കിലും ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാൾ നേരം വെളുക്കുന്നതിനു മുൻപ് കർത്താവിൻെറ ദൂതൻ വന്നു കല്ല് ഉരുട്ടിമാററി ഇരുന്നു. അതു കണ്ട പടയാളികൾ പരിഭ്രമിച്ചു, അവർ മരിച്ചവരെപോലെ ആയി (മത്തായി 28:2-4). ഭയം വിട്ടു മാറിയപ്പോൾ അവർ സംഭവിച്ചതെല്ലാം മഹാ പുരോഹിതന്മാരെ പോയി അറിയിച്ചു. അവർ പടയാളികൾക്കു വേണ്ടുവോളം പണം കൊടുത്തു. എന്നിട്ടു അവരോടു അവൻെറ ശിഷ്യന്മാർ വന്നു, തങ്ങൾ ഉറങ്ങുമ്പോൾ അവൻെറ ശരീരം എടുത്തുകൊണ്ടു പോയി എന്നു പറവിൻ എന്നു പറഞ്ഞു. ഇതു നാടുവാഴി അറിഞ്ഞാൽ തങ്ങൾ നോക്കിക്കൊള്ളാമെന്നും മഹാപുരോഹിതന്മാർ പറഞ്ഞു.

അന്നത്തെ റോമാ നിയമമനുസരിച്ചു കുററവാളിയെ കാവൽ നില്ക്കുന്ന പടയാളികളുടെ സാന്നിദ്ധ്യത്തിൽ കുററവാളി രക്ഷപെട്ടാൽ അവൻെറ ജീവനു പകരം പടയാളിയുടെ ജീവൻ നല്കേണ്ടിവരും. അതുകൊണ്ടു മഹാപുരോഹിതന്മാരുടെ ദുഷ്പ്രചരണം അവിശ്വസനീയം തന്നെയായിരുന്നു. മഹാപുരോഹിതന്മാർ യേശുവിൻെറ ഉയിർപ്പിനെ മറച്ചുവെക്കുവാൻ ആഗ്രഹിച്ചു. എന്നാൽ യേശു ഉയിർത്തെഴുന്നേററു എന്നതു ചരിത്ര വസ്തുതയായി. നാല്പതു നാളോളം, അപ്പൊസ്തലന്മാർക്കും പിന്നീടു മററു ശിഷ്യന്മാർക്കും പ്രത്യക്ഷനായി. അഞ്ഞൂറിലധികം പേർക്ക് അവൻ തന്നെത്തന്നെ കാണിച്ചുകൊടുത്തു (പ്രവൃത്തി 1:21). ഏററവും ഒടുവിൽ അപ്പൊസ്തലനായ പൊലൊസിനും പ്രത്യക്ഷനായി (1 കൊരിന്ത്യർ 15:5-8).

കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനു മുൻപ് അപ്പൊസ്തലന്മാരോടു യെരുശലേമിൽ കാത്തിരിക്കാൻ കർത്താവു ആവശ്യപ്പെട്ടു. പരിശുദ്ധാത്മാവിൻെറ ശക്

തി ലഭിക്കുവാനായിരുന്നു അത്. അങ്ങനെ അപ്പൊസ്തലന്മാർ യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും അവന്റെ ഉയിർത്തെഴുന്നേല്പിന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞിരുന്നു (ലൂക്കൊസ് 24:19; പ്രവൃത്തി 1:8). അവന്റെ ഉയിർപ്പിനുശേഷം ആദ്യത്തെ പെന്തക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ കൂടിയിരുന്നു. പരിശുദ്ധാത്മാവ് ശക്തിയോടെ അവരിൽ വരികയും അവർ ദൈവത്തിന്റെ വൻ കാര്യങ്ങൾ പ്രസ്താവിക്കയും ചെയ്തു. അന്നു 3,000 പേർ സുവിശേഷം കേട്ട് മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനമേററു. അവരെ കർത്താവു രക്ഷിക്കയും തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:37-47).

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണ്, കർത്താവിന്റെ സഭയെ ഉപദ്രവിച്ചു വന്ന ശൗലിനെ സുവിശേഷം അനുസരിക്കാൻ പ്രേരിപ്പിച്ചത്. സുവിശേഷം എന്നു പറഞ്ഞാൽ തന്നെ യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ്. യേശുവിന്റെ ഉയിർപ്പിനെ കൊണ്ടാടുവാനാണ് ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ദൈവത്തെ ആരാധിക്കുന്നത് (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 11:23-27). ആ ഉയിർപ്പു നിമിത്തമാണ് എല്ലാവർക്കും ഒരു പുനരുത്ഥാനം വാഗ്ദാനം ചെയ്തിരിക്കുന്നത് (യോഹന്നാൻ 5.28-29).

★

# സഭയുടെ ശരിയായ പേർ?

**ക്ലെം തർമാൻ**

ഇതു വലിയൊരു ചോദ്യം തന്നെയാണ്. ഇതു നമ്മെ നാമധേയ വിഭാഗങ്ങൾ ഇല്ലാത്ത ക്രിസ്ത്യാനിത്വത്തിലേക്കാണ് നമ്മെ നയിക്കുന്നത്. സഭയ്ക്കു ഒരു പ്രത്യേ

ക പേർ ബൈബിളിൽ നല്കിയിട്ടില്ല എന്നു അതിസ്പഷ്ടമായി ഞാൻ വ്യക്തമാക്കട്ടെ സഭയെ വേദ പുസ്തകത്തിൽ പല പദങ്ങളാൽ വിളിച്ചിട്ടുള്ളതു .വാസ്തവമാണ്. പക്ഷെ അവയൊന്നും പേരല്ല എന്ന കാര്യം നാം മനസിലാക്കണം. ഉദാഹരണമായി പറഞ്ഞാൽ ഞാൻ ഒരു പ്രാസംഗികനാണ്, എഡിററർ ആണ്, ഉപദേഷ്ടാവാണ് ഒരു ഭർത്താവാണ്. എന്നാൽ ഈ പറഞ്ഞതൊന്നും എൻെറ പേരല്ല. എൻെറ പേർ ക്ലെം തർമാൻ എന്നാണ്. മററു പദങ്ങറം ഞാൻ മുകളിൽ ഉപയോഗിച്ചത് എന്നെ വിവരിക്കുന്നതിനാണ്. പക്ഷെ ആ വിവരണങ്ങറം ഒന്നും എൻെറ പേരല്ല. സഭയെ സംബന്ധിച്ചും ഇതേ തത്വമാണ് നാം എടുക്കേണ്ടത്.

യേശു പറയുകയുണ്ടായി, ''ഞാൻ എൻെറ സഭയെ പണിയും'' എന്ന്. അതിൻെറ അർത്ഥമോ, സഭ പണിതത് ക്രിസ്തുവാണ്. അവനാണ് അതിൻെറ ഉടമസ്ഥൻ എന്നു വിശദമാക്കിയിരിക്കയാണ്. എൻെറ സഭ എന്നതു പേരല്ല. താൻ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ച ദൈവത്തിൻെറ സഭ എന്നു പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 20:28). ദൈവത്തിൻെറ സഭ എന്നതും പേരല്ല. അതുപോലെ ആദ്യജാതൻമാരുടെ സഭ എന്നും പരാമർശിച്ചിട്ടുണ്ട് (എബ്രായർ 12:23). അതും പേരായിട്ടല്ല കൊടുത്തിട്ടുള്ളത്. എൻെറ മാതാപിതാക്കറം എനിക്കു പേരിട്ടു. അതേപോലെ എൻെറ കുടുംബത്തിലെ മററംഗങ്ങറംക്കും പേരിട്ടിട്ടുണ്ട്. അവരുടെ പേർ എനിക്കോ എൻെറ പേർ അവർക്കോ ബാധകമല്ല. മററുള്ള പേരിനാൽ ഞാൻ അറിയപ്പെടാനും പാടില്ല സഭയെ സംബന്ധിച്ച് ദൈവം പേരിടാത്ത സ്ഥിതിക്കു മനുഷ്യർക്ക് പേരിടുവാൻ ദൈവം അധികാരം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോറം അതു വ്യക്തമാണ്. സഭയെ ദൈവേഷ്ടപ്രകാരം കാണുവാനുള്ള കാഴ്ച്ചപ്പാടാണ് എല്ലാവർക്കും വേണ്ടത്. വെളിപ്പെടുത്തിയിരിക്കുന്ന വസ്തുതയിൽ ഒതുങ്ങി നില്ക്കുക. ദൈവത്തിൻെറ പരമോന്നതമായ അധികാരത്തെ നാം മാനിക്കണം എന്നർത്ഥം.

സഭക്കു ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളത്രയും വിശേഷണ വിശദീകരണങ്ങളാണ്. അതിൻെറ സ്വഭാവത്തെയും വിശേഷിപ്പിച്ചിട്ടുണ്ട്. അതായത് സഭ ആരുടേതാണ്? സഭ എന്നാൽ എന്താണ്? അതിൽ അടങ്ങിയിരിക്കുന്നതെന്താണ് എന്നെല്ലാം ഓരോ പദങ്ങളാൽ വിശേഷിപ്പിച്ചിട്ടുണ്ട്. എൻെറ സഭ എന്ന കർത്താവിൻെറ പ്രസ്താവനയും ദൈവത്തിൻെറ സഭ എന്ന പൌലൊസിൻെറ പ്രസ്താവനയും ഉടമസ്ഥാവകാശത്തെ അല്ലെങ്കിൽ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. സഭയുടെ തല എപ്പോഴും ക്രിസ്തുവാണ്. കൊരിന്തിലുള്ള ദൈവ സഭ എന്നും ഗലാത്യ സഭകൾ, തെസലൊനിക്യ സഭ എന്നെല്ലാം പറഞ്ഞിരിക്കുന്നത് ഓരോ പ്രദേശത്തുള്ള സഭകളെ എടുത്തുകാണിക്കുന്നതിനാണ്. അല്ലാതെ ആ പേരുകളിൽ തന്നെ മറെറല്ലായിടത്തും അറിയപ്പെടാൻ വേണ്ടിയല്ല. തിരിച്ചറിയുന്നതിനു വേണ്ടിയാണ്. നമ്മുടെ കാലയളവിലും മറേറതു കാലയളവിലും ദൈവത്തിൻെറ ഉദ്ദേശത്തെയും ആലോചനയെയും നാം അറിയാതിരിക്കരുത്.

തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള പദങ്ങളാൽ ഏതെങ്കിലും ഒരു സ്ഥലത്തെ ഒരു കൂട്ടം ക്രിസ്ത്യാനികൾ അറിയപ്പെടുന്നുവെങ്കിൽ അത് അവർ ആരാണെന്നും എങ്ങനെയുള്ളവർ ആണെന്നും വ്യക്തമാക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് പുതിയ നിയമ വിശ്വാസികൾ തങ്ങളെ തന്നെ ക്രിസ്തുവിൻെറ സഭ എന്നു വിളിക്കുന്നത്? ദൈവ കല്പനപ്രകാരം വിശ്വസിക്കയും അതനുസരിക്കുകയും അവ്വണ്ണം ദൈവത്തെ ആരാധിക്കയും ചെയ്യുന്നവരെ തിരിച്ചറിയുന്നതിനു വേണ്ടിയാണ്. അപ്പൊസ്തലനായ പൌലൊസ് റോമർക്കു ലേഖനം എഴുതുമ്പോൾ ക്രിസ്തുവിൻെറ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു എന്നു പറഞ്ഞിട്ടുണ്ട് (റോമർ 16:16).

★

# യോഹന്നാൻ 3:5-ബൈബിൾ വ്യാഖ്യാനം

## വില്ലാർഡ് തർമാൻ

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പുതിയ ജനനത്തെ പ്രതിപാദിക്കുന്ന യോഹന്നാൻ മൂന്നാം അദ്ധ്യായത്തിലെ ചില വേദഭാഗങ്ങൾ അധികമായി വിവാദ വിഷയമായി തീർന്നിട്ടുണ്ട്. സെമിനാരികളിലും മററു ചില വേദ പഠന സ്ഥാപനങ്ങളിലും ബ്രെയ്ൻ ക്ലീനിംങ് കോഴ്സ് പോലെയാണ് നടക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ച ഈ ഉപദേശം പഠിപ്പിച്ചിട്ടില്ലാത്ത മട്ടിൽ നിരസിച്ചിരിക്കയാണ് അവർ. നമ്മുടെ കർത്താവിന്റെ വ്യക്തമായ, തുറന്ന പ്രസ്താവനയെ നിഷേധിക്കുന്നവരുടെ മനസു തല തിരിഞ്ഞു പോയിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്താണിതിനു കാരണം? ആ വേദഭാഗം ഇവർ തെററിദ്ധരിച്ചതുകൊണ്ടാണോ? അതോ അവർ അതിനു പ്രാധാന്യം കല്പിക്കാത്തതാണോ? അങ്ങനെയാണെങ്കിൽ മനഃപൂർവ്വം അവഗണിക്കയായിരിക്കുമല്ലൊ.

യേശു നിക്കൊദേമോസിനോടു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവ രാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു (യോഹന്നാൻ 3:5). ഇതു നമുക്കു മനസിലായോ ഇല്ലയോ എന്നതല്ല പ്രശ്നം. അവൻ പറഞ്ഞതു സമ്മതിക്കുവാനുള്ള മനോഭാവമാണ് വേണ്ടത്. യേശു എന്ത് അർത്ഥമാക്കിയോ അതാണ് പ്രസ്താവിച്ചത്. നാം ചോദ്യം ചെയ്യാതെ അവന്റെ അധികാരത്തെ മാനിക്കണം. അങ്ങനെയായാൽ സത്യവചനങ്ങൾ മനസിലാക്കാൻ നമുക്കു വലിയ വിഷമം ഒന്നും ഉണ്ടാവുകയില്ല. വളരെ ലളിതമായ പദപ്രയോഗമാണ് യേശു ഈ ഭാഗത്തു നടത്തി

യിരിക്കുന്നത്. എല്ലാവർക്കും മനസിലാകുന്ന രണ്ടു മൂലകങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആത്മാവ് ആരാണെന്നും വെള്ളം എന്താണെന്നും അറിയാത്തവർ അധികവും ഉണ്ടെന്നു തോന്നുന്നില്ല. വലിയ വേദ ജ്ഞാനമോ പാണ്ഡിത്യമോ കൂടാതെ ആർക്കും മനസിലാകുന്ന ഒന്നാണ് യേശു ഇതിൽ സ്നാനത്തെയാണ് ഉദ്ദേശിക്കുന്നത് എന്ന്. അതുകൊണ്ടു ഈ വേദഭാഗം ആരെങ്കിലും തെററിദ്ധരിക്കാനിടയായാൽ അതിനു കാരണം മാനുഷിക ഉപദേശങ്ങളും വിശ്വാസ പ്രമാണങ്ങളും ആയിരിക്കും.

## പരിശുദ്ധാത്മാവ് വചനത്തിലൂടെ പരിവർത്തിക്കുന്നു

പരിശുദ്ധാത്മാവിനാലും പരിശുദ്ധാത്മാവു മുഖാന്തിരവുമാണ് ദൈവം തൻെറ വചനം തന്നിട്ടുള്ളത് എന്ന വസ്തുത നാം തിരിച്ചറിയണം. പത്രോസ് ഇതിനെ വ്യക്തമാക്കുന്നത് ഇങ്ങനെയാണ്, പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2 പത്രോസ് 1:21). പഴയ നിയമ പുസ്തകങ്ങളും പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടവയാണ് എന്ന കാര്യം നാം മറക്കരുത്. യേശുവിനെ കുറിച്ചു പ്രസ്താവിക്കുമ്പോൾ പറയുന്നതു: ദൈവം അയച്ചവൻ ദൈവത്തിൻെറ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലൊ കൊടുക്കുന്നത്. ദൈവശ്വാസീയമായ ദൈവത്തിൻെറ വചനം അവനിൽ നിറഞ്ഞിരുന്നു. കർത്താവ് ചെയ്ത അത്ഭുതങ്ങൾ ദൈവാത്മാവിനാൽ ചെയ്തു. അവൻ സംസാരിച്ചതും പഠിപ്പിച്ചതും പരിശുദ്ധാത്മാവിനാൽ ആയിരുന്നു.

ദൈവ വചനവും പരിശുദ്ധാത്മാവും തമ്മിലുള്ള ഘടനാ സാദൃശ്യം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു (യോഹന്നാൻ 6:63). ആത്മാവിന്റെ നടത്തിപ്പ് അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്യുന്നുണ്ട്. പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 14;26). അപ്പൊസ്തലന്മാർ എല്ലാവരും യെരുശലേമിൽ ഒരുമിച്ചു കൂടിയിരുന്നപ്പോൾ എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2:4). ലൂക്കൊസ് എഴുതിയ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലൊ (പ്രവൃത്തി 1:1_2).

## വചനത്തോടു ബന്ധപ്പെടുവാൻ ജലം ആവശ്യപ്പെട്ടിരിക്കുന്നു

ഈ പുതിയ ജനനത്തിൽ മറെറാരു മൂലകം ഉണ്ട്. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ നിനക്കു സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നാണ് യേശു പറഞ്ഞത്. വിശ്വാസവും അനുസരണവും പുലർത്തേണ്ട വചനത്തോടുകൂടെ വെള്ളവും ആവശ്യമായി വന്നിരിക്കുന്നു. ഒരാൾ യേശുക്രിസ്തുവിൽ, അവന്റെ സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുകയും വെള്ളത്തിൽ സ്നാനമാകുന്ന കല്പന അനുസരിക്കയും വേണം. വിശ്വസിക്കയും സ്

നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്ന താണ് കർത്താവ് വാഗ്ദാനം ചെയ്തത് (മർക്കോസ് 16:16). ഫിലിപ്പോസ് ശമര്യയിൽ ചെന്നു ക്രിസ്തുവി നെയും ദൈവ രാജ്യത്തെയും പ്രസംഗിച്ചതു കേട്ട ശമര്യക്കാർ വിശ്വസിച്ചു. അതിനാൽ സ്ത്രീകളും പുരുഷൻമാരും സ്നാനം ഏററു (പ്രവൃത്തി 8:5,12). വചനത്തെ കൈക്കൊണ്ട എല്ലാവരും വെള്ളത്തിൽ, പാപമോചന സ്നാനം ഏല്ക്കുന്നുണ്ട്.

## വെള്ളവും വചനവും ബന്ധപ്പെടുമ്പോൾ

കർത്താവിൻെറ ശരീരമാകുന്ന മഹത്വകരമായ അവൻെറ സഭയിലാകുന്നു (എഫെസ്യർ 5:25-27). ദൈവരാജ്യമെന്നതു ദൈവ ഭവനമാകുന്നു (എഫെസ്യർ 3:14-15). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ അവനെ ധരിക്കയാണ് ചെയ്യുന്നത്. അവർ പുതിയ സൃഷ്ടികളായി തീരുന്നു. ദൈവം പിതാവും നാം രാജ്യത്തിലെ പ്രജകളും, അവൻെറ ഭവനത്തിലെ മക്കളും ആകുന്നു. അതുകൊണ്ടു ദൈവ രാജ്യത്തിലെ സ്വർഗ്ഗീയ പൗരൻമാരും അവകാശികളും ആകുന്നു. കർത്താവിൻെറ സഭയിൽ ആയി തീരുന്നവർ ഒരു സങ്കേത പട്ടണത്തിലും അഭയ കേന്ദ്രത്തിലും ആയിമാറുന്നു. ആയിരക്കണക്കിനു ആളുകൾ ദൈവ വചനം കൈക്കൊണ്ടതു വിശ്വാസത്താലും വെള്ളത്തിലുള്ള സ്നാനത്താലും ആയിരുന്നു.

ഇന്നും പുതിയ നിയമ വ്യവസ്ഥ പ്രമാണിക്കുന്നവർ വചനത്തോടു ബന്ധം പുലർത്തുന്ന തിരുവെഴുത്തിൽ പറയുന്ന രീതിയിലുള്ള സ്നാനം സ്വീകരിക്കും. അങ്ങനെ ചെയ്യുന്നവരെ കർത്താവു വീണ്ടെടുത്തു അവൻെറ അവകാശികളാക്കി മാററും. നിത്യജീവൻ, സ്വർഗ്ഗീയമായ വാസം അവർക്കാണ്.

★

# അറിവില്ലാത്തവർ രക്ഷിക്കപ്പെടുമോ?

## ഡേവിഡ് തർമാൻ

പലർക്കും ഒരു ചോദ്യമായി അവശേഷിക്കുന്ന വിഷയമാണിന്ന്. അറിയായ്മയുടെ കാര്യത്തിൽ വാദിക്കുന്ന ആളുകൾ. ദൈവത്തിന്റെ രക്ഷ എല്ലാവർക്കുമായിട്ടുള്ളതാണ്. ആ രക്ഷ എങ്ങനെ ലഭിക്കുമെന്ന് ആളുകൾ അറിഞ്ഞിരിക്കണം. എന്നാൽ ദൈവ കല്പനകളോ, അരുളപ്പാടുകളോ അറിഞ്ഞിട്ടില്ലാത്ത അജ്ഞതയിൽ കഴിയുന്നവർക്കു രക്ഷയുണ്ടോ എന്നതാണ് ചോദ്യം. എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു മനുഷ്യരോടു കല്പിക്കുന്നു'' (പ്രവൃത്തി 17:30). എല്ലാവരും മാനസാന്തരപ്പെടണമെന്നു വ്യക്തമായി ഈ വാക്യം വെളിപ്പെടുത്തുന്നു. ഇതിനു പകരമായി ആർക്കും ഒന്നും ചെയ്യാനാവില്ല. സുവിശേഷ സന്ദേശം ഒരിക്കലും കേട്ടിട്ടില്ലാത്തവരും ഇതിൽ ഉൾപ്പെടും. അജ്ഞത രക്ഷക്കു സഹായകരമാണെന്ന വസ്തുത പൊതുവിൽ ഉള്ളതാണ്; മാനുഷികമാണ്. വേദ പുസ്തകത്തിൽ എന്താണ് കല്പിച്ചിട്ടുള്ളത്?

പ്രസംഗിക്കാതിരിക്കുന്നതല്ല ആളുകളെ ശിക്ഷക്കു വിധിക്കുന്നത് എന്ന കാര്യം നാം ആദ്യം അറിഞ്ഞിരിക്കണം. പാപം ചെയ്യുന്ന ദേഹിയാണ് മരിക്കുന്നത് (യെഹസ്കേൽ 18:20). പാപത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23). നീതിമാൻ ആരുമില്ല, ഒരുത്തൻപോലും ഇല്ല; ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (റോമർ 3:23). ആളുകൾ നഷ്ടപ്പെടുന്നതു മറെറാന്നുകൊണ്ടുമല്ല, അവരുടെ പാപം നിമിത്തമാണ്. ദൈവം തന്റെ പുത്രനെ ലോക

ത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു (യോഹന്നാൻ 3: 17-18). ലോകത്തെ വിധിച്ചു കഴിഞ്ഞിരുന്നു. യേശുക്രിസ്തു വന്നപ്പോഴാണ് ശിക്ഷക്കു വിധിച്ചത്. പാപത്തിൽ നിന്നും മരണത്തിൽ നിന്നും പുറത്തു കടക്കുവാനുള്ള ഒരു വഴി അവൻ നല്കി. ലോകം മുഴുവൻ ഈ സംഭവം അറിയപ്പെട്ടു കഴിഞ്ഞതാണ്; അല്ലെങ്കിൽ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്.

അജ്ഞത ആരെയെങ്കിലും രക്ഷിക്കുമെങ്കിൽ അയാളുടെ പാപം നിലനിർത്തിക്കൊണ്ടായിരിക്കണമല്ലോ അങ്ങനെ ചെയ്യുന്നത്. അതായത് യേശുക്രിസ്തുവിനെയോ അവന്റെ രക്തത്തെയോ കൂടാതെയാണെന്നു വരുന്നു. മനുഷ്യർ എങ്ങനെയുള്ളവരായിരുന്നാലും ഒരേ ഒരു രക്ഷകനും ഒരേ ഒരു രക്ഷാനിലവാരവുമാണ് ദൈവത്തിനുള്ളത്. വിവിധ രീതിയിലുള്ള നിലവാരമല്ല ദൈവത്തിന്റേത്. ദൈവ നീതി എല്ലാവർക്കും ഒരുപോലെയാണുള്ളത്. അവസാനം വരെ പാപത്തിൽ ജീവിച്ചിട്ടു അറിയായ്മകൊണ്ടു ദൈവത്തോടു അടുക്കാമെങ്കിൽ ലോകം മുഴുവൻ സുവിശേഷം അറിയിച്ചതും വ്യർത്ഥമായില്ലേ? തന്നെയുമല്ല എക്കാലവും നിലനില്ക്കുന്ന ഒരു കാര്യമുണ്ട്. മററൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (പ്രവൃത്തി 4:12). നിങ്ങൾ ക്രിസ്തുവിനു പുറത്താണെങ്കിൽ നിങ്ങളെ ശിക്ഷക്കു നിയമിച്ചു കഴിഞ്ഞു. കാരണം ക്രിസ്തുവിന്റെ വചനത്തെ മാനിക്കുന്നില്ല എന്നതാണ്. അതു പാപം നിമിത്തമാണ്. പാപപരിഹാരം കണ്ടെത്തുക എന്നതാണ് വ്യക്തികളുടെ കടമ. തികച്ചും പ്രായോഗികവും ദൈവ സന്നിധിയിൽ സ്വീകാര്യവുമായ വഴി കണ്ടെത്തണം.

രക്ഷിക്കപ്പെടുവാനുള്ള അവസരം ലഭിക്കാതെ നഷ്ടപ്പെട്ടു പോകുന്നു എന്ന ചിന്ത നമ്മുടെ മാനുഷിക നീതിബോധത്തെ ഉണർത്തുന്നു. ആത്മീയമായി അവർ മരിക്കേണ്ടി വരിക എന്നതു മനുഷ്യർക്കു വിഷമകരമാണ്. പക്ഷെ ജീവിതത്തിൽ മറേറതൊരു കാര്യത്തിലും നമ്മനം അതു പ്രായോഗികമാക്കുന്നില്ല. നമ്മനം അറിഞ്ഞ സത്യം മററുള്ളവരെ അറിയിക്കുവാനുള്ള കർത്തവ്യം നമ്മിൽ ഉണ്ട്. നമുക്കു നമ്മുടെ അജ്ഞതയിൽ കഴിഞ്ഞു സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ യേശു സ്വർഗ്ഗം വെടിഞ്ഞു ഭൂമിയിൽ വരേണ്ട ആവശ്യം തന്നെ ഉണ്ടായിരുന്നില്ല; സുവിശേഷം ലോകത്തിൽ എല്ലായിടത്തും പ്രസംഗിക്കയും ചെയ്യേണ്ടിയിരുന്നില്ല. അറിയാതെ തെററു ചെയ്യുന്നു എന്നു പറഞ്ഞാൽ നമുക്കു മനസിലാക്കാം. പക്ഷെ തെററു ചെയ്തിട്ടു രക്ഷക്കുള്ള മാർഗ്ഗം അറിഞ്ഞില്ല എന്നു പറയുന്നതു നീതീകരിക്കാൻ പററാത്ത ഒന്നാണ്. അജ്ഞത നിങ്ങളെ മോഷണത്തിൽ നിന്നു രക്ഷിക്കാറില്ല. വൈദ്യുതാഘാതത്തിൽ നിന്നു അജ്ഞത ആരെയും രക്ഷിക്കാറില്ല.

ആകയാൽ പാപത്തിൽ നിന്നു അറിയായ്മയുടെ പേരിൽ രക്ഷിക്കണമെന്നു പറയുന്നതു ദൈവ സന്നിധിയിൽ നീതി ആകയില്ല. ദൈവം കൃപാലുവാണ്, ദയയും മനസലിവും ഉള്ളവനാണ്, രക്ഷ ദൈവത്തിൻെറ കൃപയാൽ ലഭിക്കുന്ന സൗജന്യമാണ് എന്നതെല്ലാം ശരിയാണ്, ദൈവ നീതി നിറവേററുവാൻ യേശു ശരീരത്തിൽ കഷ്ടത സഹിച്ചു, ക്രൂശിൽ ദാരുണമായി കൊല്ലപ്പെട്ടു. മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാനായിരുന്നു അതെല്ലാം. അതുകൊണ്ടു യേശുക്രിസ്തു മുഖാന്തരം അല്ലാതെ ആർക്കും പിതാവിൻെറ അടുക്കൽ എത്തുവാൻ കഴിയുകയില്ല.

★

# GOOD NEWS

WE ARE RUNNING A BIBLE CORRESPONDENCE COURSE IN THE **BRAILLE** - IN TAMIL AND ENGLISH LANGUAGES

READER'S KINDLY, INTRODUCE THIS BRAILLE LESSONS TO YOUR BLIND FRIENDS AND ENCOURAGE THEM TO STUDY.

## OUR ADDRESS

DIRECTOR,
BRAILLE BIBLE CORRESPONDENCE COURSE
POST BOX NO : 2
ELLIS NAGAR, MADURAI - 625 010
S. INDIA

★

# പിശാചിനെ തോല്പിക്കാനുള്ള ഏക മാർഗം

## ഗ്യാരി സി. ഹാംടൺ

ശരിയായി ചിന്തിക്കാൻ കഴിയുന്ന ഏതൊരാറംക്കും സംശയലേശമെന്യെ പറയാവുന്ന കാര്യമാണ് സാത്താൻ ഇന്നും ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു എന്നത്. അക്രമവും ദുഷ്ടതയും നമുക്കു ചുററും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ ടെലിവിഷനിൽ കൂടെ ദൃശ്യമാകുന്ന കാഴ്ച്ചകറം തന്നെ സാമാന്യ ധാർമ്മികതക്കപ്പുറത്തുള്ളവയാണ്. ക്രിസ്ത്യാനിത്വത്തിൻെറ ശക്തിയെയും ഫലത്തെയും ചോദ്യം ചെയ്യുന്നവർ പോലും ഉണ്ട്. ഒരു വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കയാണ് എല്ലാവരും. യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ സത്യത്തിൽ നിന്നകന്നു പോകുന്നതിനെയും ആളുകറം ചോദ്യം ചെയ്യാറുണ്ട്. എന്തുകൊണ്ടാണ് സഭയ്ക്കു സമൂഹത്തിൽ ചെലുത്താൻ കഴിയുന്നതിനേക്കാറം സ്വാധീനം, സഭയിൽ സമൂഹം ചെയ്യുന്നത്? എന്തുകൊണ്ടു അനേകം പാപികറം വെളിച്ചത്തിലേക്കു വരുന്നില്ല?

ഭിന്നത എന്ന ലളിതവും ശക്തവും മരണ കരവുമായ ഒരു വാക്കിൽ തട്ടി നില്ക്കുന്നു. അതാണ് ഭിന്നത എന്നത്. ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും കാണാവുന്നതാണ്. മതപർമായ ലോകത്തിൽ ഈ വിഭജനം ലോകത്തിൽ അവിശ്വാസം ജനിപ്പിക്കും. മതപരമായ ലോകത്തിൽ കലക്കം ആണ് ഇതുണ്ടാക്കുന്നത്. ഈ കലക്കം സമാധാന പ്രഭുവിൽ നിന്നുത്ഭവിച്ചതല്ല. ആത്മീയ വരങ്ങളെ കുറിച്ച് അറിവില്ലാതിരുന്ന കൊരിന്ത്യ സഭക്കു അപ്പൊസ്തലനായ പൌലൊസ്,

അതെങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്. അവൻ അവരോടു പറഞ്ഞു: പ്രവാചകന്മാരുടെ ആത്മാക്കാം പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രേ (1 കൊരിന്ത്യർ 14:32-33). ക്രിസ്ത്യാനിത്വത്തെ കലക്കിയിട്ടിരിക്കുന്ന സമൂഹം അതിന്റെ ശക്തിയെയും സ്വാധീനത്തെയും എങ്ങനെ അനുഭവിക്കും?

ഈ ഭിന്നത എന്ന പ്രശ്നത്തിനുള്ള ഏക പരിഹാരം ഐക്യതയാണ്. നമ്മുടെ സമൂഹത്തെ എങ്ങനെയെങ്കിലും മാററിയെടുക്കാൻ സഹായിക്കുകയാണെങ്കിൽ ദൈവ ഭയമുള്ളവർ ശ്രമിക്കേണ്ടതു ഈ വിധത്തിലാണ്. നമ്മുടെ സാമാന്യ ബുദ്ധി ദൈവ നീതിക്കായി ഉണരണം. ദുഷ്ടനിൽ നിന്നു തന്റെ ശിഷ്യന്മാരെ വിടുവിക്കേണ്ടതിനു; തന്റെ ക്രൂശീകരണത്തിനു മുൻപ് അവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. പിശാചിന്റെ തന്ത്രത്തിൽ നിന്നും അവന്റെ ഉപായ പ്രവർനത്തിൽ നിന്നും അവർ വിമുക്തരായിരിക്കേണ്ടതു ആവശ്യമായിരുന്നു. പിന്നീട് ദൈവ വചനം കേട്ട് അനുസരിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നുണ്ട്. ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20-21). ലോകത്തുള്ള മനുഷ്യരെ ക്രിസ്തുവിലേക്കു കൊണ്ടു വരുവാൻ നമുക്ക് ഐക്യത ആവശ്യമാണ്. എങ്ങനെ നമുക്ക് ഐക്യത കൈവരിക്കാം?

## ഒരു പൊതു നിർദ്ദേശത്തിൻെറ ഉറവിടം

ആദ്യമായി എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു നിർദ്ദേശം ആവശ്യമാണ്. ''എൻെറ വചനം കൈക്കൊള്ളാതെ എന്നെ തള്ളികളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ന്യായവിധി യേശുക്രിസ്തുവിൻെറ വചനാടിസ്ഥാനത്തിലായതിനാൽ അവയാണ് സ്വീകാര്യമായ ഏററവും നല്ല നിർദ്ദേശം. അവൻെറ കല്പനകളും ഉപദേശങ്ങളും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ ഭാഗങ്ങളിൽ കാണാം. ''തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാറം വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലൊ'' (പ്രവൃത്തി 1:1). ആകയാൽ പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ യേശുവിൻെറ ഉപദേശങ്ങരം വ്യക്തമാക്കിയിട്ടുണ്ട്. അവൻ പഠിപ്പിച്ച കാര്യങ്ങരം എല്ലാം തന്നെ സ്വയമായവയായിരുന്നില്ല. പിതാവിൻെറ ഉപദേശമായിരുന്നു. ശത്രുവിൻെറ പ്രലോഭനങ്ങളിൽ കുടുങ്ങാതെ അവനെ പരാജയപ്പെടുത്തുവാൻ ഈ ഉപദേശപ്രകാരമുള്ള ജീവിതമാണാവശ്യം.

പുതിയ നിയമത്തിലെ ശേഷം ഭാഗങ്ങളും ക്രിസ്തുവിൻെറ വചനമായി തന്നെ നാം തിരിച്ചറിയണം. യേശു, അപ്പൊസ്തലന്മാരോടു പറഞ്ഞതു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവർക്കു സകലവും ഉപദേശിച്ചുകൊടുക്കുമെന്നും അവരോടു അവൻ പറഞ്ഞതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യുമെന്നാണ് (യോഹന്നാൻ 14:26; 16:13). നാം ദൈവ സന്നിധിയിൽ കൊള്ളാകുന്നവരായി കാണപ്പെടണമെങ്കിൽ നാം പുതിയ നിയമം ശ്രദ്ധയോടെ

വായിച്ച് പഠിച്ച് അനുസരിച്ചു ജീവിക്കുകയും ദൈവ ത്തെ സേവിക്കയും ചെയ്യും.

## ഒരേ ഒരു വിശ്വാസം മാത്രം

''നിങ്ങൾക്കു നിങ്ങളുടെ വിശ്വാസം, എനിക്ക് എ ന്റെ വിശ്വാസം'' എന്ന പൊതുവായ ഒരു പ്രസ്താവന നിങ്ങൾ കേട്ടിരിക്കാം. പല വിശ്വാസം ദൈവത്തിൽ നി ന്നോ ക്രിസ്തുവിൽ നിന്നോ അപ്പൊസ്തലന്മാരിൽ നി ന്നോ ഉത്ഭവിച്ചതല്ല. ദൈവശാസ്ത്രീയരായ അപ്പൊസ്തല ന്മാരിൽ നിന്നു നമുക്കു ലഭിച്ചത് ഏക വിശ്വാസമാണ് (എഫെസ്യർ 4:4-5). ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനി കളെ പ്രബോധിപ്പിച്ചുകൊണ്ടു യൂദയും വിശുദ്ധന്മാർ ക്കായി ഒരിക്കലായി തന്നിരിക്കുന്ന ഏക വിശ്വാസത്തെ പ രാമർശിച്ച് എഴുതിയിട്ടുണ്ട് (യൂദാ 3). ഒന്നാമത്തെ സു വിശേഷ യാത്രക്കുശേഷം പൌലൊസും ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീസ്ഥലങ്ങളിൽ ശി ഷ്യന്മാരെ ഏക വിശ്വാസത്തിൽ നിലനില്ക്കാൻ ഉത്തേജി പ്പിക്കുന്നുണ്ട് (പ്രവൃത്തി 14:21-22).

ക്രിസ്തുവിനെ പിൻപററുന്നവർ സ്വീകരിക്കേണ്ട വിശ്വാസവും ജീവിത മാതൃകയും, ദൈവശാസ്ത്രീയരായ അപ്പൊസ്തലന്മാരും ലേഖകരും പ്രതിപാദിച്ചിട്ടുണ്ട്. അ തു ആർക്കും മാററാവുന്നതല്ല. എല്ലാവർക്കും ഉള്ള ഏക നിലവാരമാണ് അത്. നിങ്ങൾ ഈ പുതിയ നിയമ വി ശ്വാസത്തിൽ ആണോ എന്നു നിങ്ങൾ തന്നെ ശോധന ചെ യ്യുക. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നേ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5-6).

★

# കരച്ചിൽ

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

"നിർമ്മലതങ്കവും പൊന്നുംപൊടികളും,
മഞ്ഞിയുംമാറിയും കാണാൻ കഴിയുമോ.
രത്നം വഴികളിൽ ചിന്നിചിതറിയും,
വീഥിയിലങ്ങനെ വീണുകിടക്കുന്നു.

സീയോനിൻ പുത്രരേ തൂവെള്ളിതങ്കമേ;
കുശവന്റെ പാത്രം പോലായതും എങ്ങനെ.
കുറുനരി കുഞ്ഞിനെ പാൽമുലയൂട്ടുന്നു,
നിങ്ങടംപിന്നെങ്ങനെ കല്മനമായത്.

കുഞ്ഞിളം മാനിന്റെ ദാഹമടക്കുവാൻ,
കാളും വിശപ്പടക്കീടുവാനിത്തിരി.
അപ്പം കൊടുക്കുവാനാരുണ്ടു ഭൂമിയിൽ,
ജീവിതം കണ്ടുരസിച്ചവർ വീഴുന്നു.

പട്ടുപുതച്ചു വളർന്നൊരുമക്കളോ,
കുപ്പകളെതന്നെ എത്തിപ്പിടിക്കുന്നു.
എൻജനം പാപകറയാൽ പുരണ്ടുള്ള,
ജീവിതവഞ്ചിയോ തട്ടിയുംമുട്ടിയും.

തങ്കംകണക്കേ നിറമുള്ള മക്കളേ,
കാർമേഘം പോലെകറുത്തതും എന്തിന്.
ന്യായപ്രമാണത്തെ കാണാൻകഴിയാത്ത,
സ്വന്തമെന്നോതിയ നീതന്നെയല്ലയോ.
പേരെന്നുരയ്ക്കുകിൽ ഇസ്രായേലാകുമേ,
വേദം പറയുന്ന കൂട്ടമതാണുപോൽ.

★

# നിങ്ങൾ ചലിക്കണം

## ഫ്രാൻസീസ് ഡേവിഡ്

യേശു ഈ ഭൂമിയിലായിരുന്നപ്പോഠം അവൻ തന്റെ രാജ്യത്തെ കുറിച്ച് ഉപദേശിക്കയും പഠിപ്പിക്കയും ചെയ്തിരുന്നു. തന്റെ രാജ്യം ഏതുപോലെയായിരിക്കും എന്നു അവൻ ആളുകളെ ബോധ്യപ്പെടുത്തി. ദൈവ രാജ്യത്തിന്റെ യഥാർത്ഥ ആശയവും ചിത്രവും തന്റെ ശിഷ്യൻമാരെ അവൻ പഠിപ്പിച്ചു. ശിഷ്യൻമാർ അതേ അർത്ഥത്തിൽ അന്നു ലോകത്തുണ്ടായിരുന്ന മനുഷ്യരെ പഠിപ്പിച്ചു. പക്ഷെ ആളുകളിൽ തെററായ ആശയം വെച്ചുപുലർത്തിയിരുന്നു. ഇന്നും അനേകം ആളുകഠം ദൈവ രാജ്യത്തെ തെററായി ധരിച്ചുവെച്ചിട്ടുണ്ട്. യേശു വീണ്ടും വന്നു ഒരു രാജ്യം ഭൂമിയിൽ സ്ഥാപിക്കുമെന്നു വിശ്വസിക്കുന്ന ചിലരുണ്ട്. അവൻ വന്നു ഈ ഭൂമിയിൽ ആയിരം വർഷം ഭരിക്കുമെന്നു കരുതിയിരുന്നവരുണ്ട്. എന്നാൽ കർത്താവു വീണ്ടും ഈ ഭൂമിയിൽ വന്നു ഒരു രാജ്യം സ്ഥാപിക്കുമെന്നോ, ആയിരം ആണ്ട് ഭൂമിയിൽ ഭരിക്കുമെന്നോ ബൈബിളിൽ ഒരു ഭാഗത്തും പറഞ്ഞിട്ടില്ല. ദുരുപദേശങ്ങളുടെ ഫലമായിട്ടാണ് ആളുകഠം ഇങ്ങനെ വിശ്വസിക്കുവാനിടയായത്. ദയവായി രണ്ടു പത്രോസ് മൂന്നാം അദ്ധ്യായം ഒമ്പതു മുതൽ പതിനൊന്നുവരെയുള്ള ഭാഗങ്ങഠം വായിക്കുക.

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നായിരുന്നു യേശു പ്രസംഗിച്ചു തുടങ്ങിയത് (മത്തായി 4:17). നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങഠം അതിനെ ജയിക്കയില്ല എന്നു കർത്താവ് പത്രോസിനോടു പറയുകയുണ്ടായി. അവൻ മുൻ പറഞ്ഞതനുസരിച്ച് സഭ പണിയുകയുണ്ടായി. പെന്തെകൊസ്തു നാളിൽ ആണ് കർത്താവു തന്റെ സഭ ആരംഭിച്ചത്. അന്നു പത്രോസും

മററു അപ്പൊസ്തന്മാരും ദൈവ രാജ്യത്തെ കുറിച്ചു പ്രസംഗിച്ചു. ആ പ്രസംഗം കേട്ട യെഹൂദന്മാരിൽ ചിലർക്കു ഹൃദയത്തിൽ കുത്തുകൊണ്ടു ഞങ്ങൾ എന്തു ചെയ്യേണം എന്നു അവരോടു ചോദിച്ചു. പത്രൊസ് അവരോടു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2: 38). അന്നു അപ്പൊസ്തലന്മാരുടെ വചനം കേട്ടവർ സന്തോഷത്തോടെ കൈക്കൊണ്ടു. അന്നു മൂവായിരം പേർ സ്നാനമേററു അവരോടു ചേർന്നു. അങ്ങനെ ദൈവ രാജ്യമാകുന്ന സഭ നിലവിൽ വന്നു. ഇന്നും കർത്താവിൻെറ സുവിശേഷം അനുസരിക്കുന്നവരെ അവൻ രക്ഷിക്കയും തൻെറ സഭയോടു ചേർക്കുകയും ചെയ്യും (പ്രവൃത്തി 2:47). കർത്താവിനു ഒരേ ഒരു സഭ മാത്രമാണുള്ളത്. അവൻ ആ സഭയുടെ തലയുമാണ് (എഫെസ്യർ 4:4; കൊലൊസ്യർ 1:18).

ലോകത്തിൽ എങ്ങും ക്രിസ്തുവിൻെറ സഭയുടെ ഇടവകകൾ കാണാം. ഈ ഇടവകകൾ എല്ലാം തന്നെ സ്വയം ഭരണാവകാശമുള്ളതാണ്. അവയുടെ കേന്ദ്ര സ്ഥാനം സ്വർഗ്ഗമാണ്. എനിക്കു ചോദിക്കുവാനുള്ളതു: നിങ്ങൾ ഈ സഭയിൽ ഉൾപ്പെടുന്നുണ്ടോ? ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയിൽ അംഗമായി തീർന്നോ? ഈ ലേഖനം വായിക്കുന്ന നമ്മുടെ ചില സ്നേഹിതന്മാർ ബൈബിളിൽ വായിക്കാൻ കഴിയാത്ത നാമധേയ വിഭാഗങ്ങളിൽപെട്ടവരാണ് കത്തോലിക്ക, യാക്കോബായ, മാർത്തോമ, ലൂഥറൻ, ബാപ്ററിസ്ററ്, പെന്തെകൊസ്തുകാർ എന്നിവയൊന്നും വേദപുസ്തകത്തിൽ ഇല്ല. നിങ്ങളുടെ കയ്യിലുള്ള ബൈബിൾ നിങ്ങൾ ആത്മാർത്ഥതയോടെ ശ്രദ്ധിച്ച് വായിച്ചാൽ നിങ്ങൾക്ക് അതു ഗ്രഹിക്കാം.

റോമാ ലേഖനത്തിൽ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു എന്നത്രെ (റോമർ 16:16). നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിലായി തീർന്നിട്ടുണ്ടോ? നിങ്ങളുടെ ആത്മീയ ജീവിതം എവിടെ നില്ക്കുന്നു? നിങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അംഗമായിട്ടില്ലെങ്കിൽ നിങ്ങൾ ഗൗരവമായി ചിന്തിക്കുക. നിങ്ങളുടെ ഭാഗത്തു നിന്നും അതിനായി ഒരു ചലനം ഉണ്ടാകണം. നാമധേയ വിഭാഗത്തിൽ നിന്നുകൊണ്ടു നിങ്ങൾക്കു കർത്താവിന്റെ സഭയിൽ അംഗമാകാൻ കഴിയുകയില്ല. അതുകൊണ്ടു നിങ്ങൾ ഇളകണം. കഴിഞ്ഞ കാല പാപജീവിതത്തിൽ നിന്നു നിങ്ങൾ തിരിഞ്ഞു യേശുവിങ്കലേക്കു വരണം. ദൈവഹിത പ്രകാരമുള്ള ജീവിതമാണ് നിങ്ങൾ നയിക്കേണ്ടത്. ക്രിസ്തുവിലാകുവാൻ നിങ്ങൾ പുതിയ സൃഷ്ടിയാകണം. പുതിയ ജനനം നിങ്ങളിൽ നടക്കണം. അതിനായുള്ള ഒരുക്കം ആരംഭിക്കേണ്ടതു നിങ്ങൾ തന്നെയാണ്. തടസങ്ങളും സമ്മർദ്ദങ്ങളും ഉണ്ടായേക്കാം.

യാതൊരു മാനുഷിക നാമമോ വിശ്വാസമോ ആചാരമോ അല്ല നിങ്ങൾക്കു വേണ്ടതു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവേഷ്ട പ്രകാരമുള്ള നാമമാണ് ധരിക്കേണ്ടത്. കർത്താവിനെ വചന പ്രകാരം പിൻപററുന്ന ശിഷ്യൻമാരെ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടേണ്ടത്. അല്ലാതെ കത്തോലിക്കർ എന്നോ യാക്കോബായക്കാർ, മർത്തോമാക്കാർ, ബാപ്ററിസ്ററുകാർ, പെന്തെക്കൊസ്തുകാർ എന്നൊന്നും അല്ല. ആരാധനാ രീതി പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ള രീതിയിൽ മാത്രമെ പാടുള്ളു. ക്രിസ്തുവിന്റെ രാജ്യത്തിലെ പൗരത്വമാണോ നിങ്ങൾക്കു വേണ്ടത്? അതോ ഏതെങ്കിലും മാനുഷിക സഭയിലെ അംഗത്വമാണോ? തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്.

★

# വിഭാഗീയ രഹിത ക്രിസ്ത്യാനിത്വം

## ഗ്ലെൻ കോളെ

ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ അംഗമാണ് എന്നു പറയുന്നതു തികച്ചും സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന വസ്തുതയാണല്ലോ. എന്നാൽ അതിന്റെ ഗൗരവാവസ്ഥ ആരും പരിഗണിക്കുന്നില്ല. ആളുകളുടെ കാഴ്ചപ്പാടിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ അംഗമായിരിക്കണം എന്നേയുള്ളു. അതേതായാലും കുഴപ്പമില്ല എന്നതാണ് അവരുടെ തോന്നൽ. നാമധേയ വിഭാഗങ്ങളിൽ എല്ലാം തന്നെ ബഹുമാന്യരായ ധാരാളം ആളുകൾ ഉണ്ട്. അതുകൊണ്ട് നാമധേയ വിഭാഗങ്ങളെ ആളുകൾ പ്രശ്നമാക്കുന്നേയില്ല. വാസ്തവത്തിൽ എണ്ണിയാൽ തീരാത്തവണ്ണം ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ശ്രുംഖലയാണ് ഇത്. എന്താണ് നാമധേയ വിഭാഗം എന്നാൽ? അതറിഞ്ഞു കൂടാത്ത ധാരാളം പേർ ലോകത്തിലുണ്ട്.

പ്രത്യേകം നാമമെടുത്തു വിഭജിച്ചിരിക്കുന്ന ഓരോ സംഘടനകളാണ് നാമധേയ വിഭാഗങ്ങൾ. മതപരമായി സ്വയം പേരെടുത്തിരിക്കുന്ന വ്യത്യസ്ഥ സമുദായങ്ങളായി നിലകൊള്ളുന്നവരെയാണ് നാമധേയ വിഭാഗങ്ങൾ എന്നറിയപ്പെടുന്നത്. ഓരോന്നും സ്വതന്ത്ര ക്രിസ്ത്യൻ സംഘടനകളായി അറിയപ്പെടുന്നു. ഏതു വിഭാഗത്തിലായാലും കുഴപ്പമില്ല എന്നതാണ് അവരുടെ ചിന്ത. സ്വർഗ്ഗത്തിൽ പോകുന്നതിനു അതൊന്നും തടസമല്ല എന്ന കണക്കുകൂട്ടലിലാണ് അവർ. സ്വർഗ്ഗത്തിൽ പോകുവാൻ അവരുടെ വിഭാഗത്തിൽതന്നെ അംഗങ്ങളായിരിക്കണം എന്ന് അവർക്കു നിർബന്ധമില്ല. ഒരു വിഭാഗം മറ്റൊന്നുപോലെ നല്ലതാണ് എന്നാണ് അവരുടെ വിശ്വാസം. പക്ഷെ ഓരോരുത്തരും അവരവരുടെ സമൂഹമാണ് മെച്ചപ്പെട്ടതെ

ന്നു അവർ വാദിക്കും. അവരുടെ കാഴ്ചപ്പാടിൽ സഭ എന്നതു വലിയ ഒരു സമൂഹവും നാമധേയ വിഭാഗങ്ങളെല്ലാം അതിലെ ഓരോ ശാഖകളും ആകുന്നു എന്നതാണ് അവരുടെ ആശയം. പക്ഷെ ദൈവവുമായുള്ള ബന്ധത്തിൽ ഈ വിഷയത്തെ അവർ പരിശോധിക്കാറില്ല.

ക്രിസ്ത്യാനികളെ കുറിച്ചോ സഭയെ കുറിച്ചോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യം ബഹു ഭൂരിപക്ഷം ജനങ്ങൾക്കും അറിഞ്ഞുകൂടാ. അഥവാ ചുരുക്കം പേർ മനസിലാക്കിയാലും അത്ര ഗൗരവമായി എടുത്തിട്ടില്ല. അവർക്കു ദൈവത്തിൻെറ ഹിതം വാസ്തവത്തിൽ അറിയണമെന്നുണ്ടായിരുന്നെങ്കിൽ അവർ പുതിയ നിയമം ശരിയായി വായിക്കുമായിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ യുക്തി സഹജമായി ഗ്രഹിക്കുമായിരുന്നു. തന്നെയുമല്ല, ദൈവ നിയമ വിരുദ്ധമായ നാമധേയ ആശയങ്ങളെ അവർ വിട്ടുകളയുമായിരുന്നു. നാമധേയ വിഭാഗീയത ഇല്ലാത്ത ക്രിസ്ത്യാനിത്വത്തെയാണ് വേദ പുസ്തകം പ്രബോധിപ്പിക്കുന്നത്. തിരുവെഴുത്തുകളെ വിശ്വസിക്കുന്നവർ ഈ സത്യത്തെ സ്വീകരിക്കും. നാമധേയ വിഭാഗങ്ങളിലെ അംഗത്വത്തേക്കാൾ ക്രിസ്തുവിൻെറ സഭയിലെ അംഗത്വമാണ് ദൈവം അംഗീകരിക്കുക എന്നതാണ് പരമാർത്ഥം. ദൈവാത്മാവിനാൽ പ്രചോദിതരായ ലേഖകന്മാരുടെ പ്രസ്താവനകളെ വേദ വാക്യമായി നമുക്ക് എടുക്കാവുന്നതാണ്.

ഒരു നാമധേയ വിഭാഗത്തിലും അംഗമാകാതെ വിശ്വസ്തരായ ക്രിസ്ത്യാനികളായി ജീവിക്കുവാനും ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനും മരണം വരെ ഇന്നും അവസരമുണ്ട്. അങ്ങനെ മരിച്ചാൽ പിന്നീട് സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കാനും സാധിക്കും എന്നു നിങ്ങൾക്കറിയാമോ? അതു സാദ്ധ്യമാണ്, യഥാർത്ഥ്യവുമാണ്. ലോകത്തിൽ ഉള്ള നാമധേയ വിഭാഗങ്ങ

ളിൽ അംഗങ്ങളാകാൻ ബൈബിളിൽ ദൈവം പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം വെറുക്കുകയും ചെയ്യുന്നു. എന്നാൽ ബൈബിളിൽ സഭയെ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വിഭജിക്കപ്പെട്ടതല്ല. പിന്നെയോ ഏക സഭയാണ്. ആ സഭ ക്രിസ്തുവിനുള്ളതാണ്; ക്രിസ്തുവാണ് ആ സഭയുടെ തല. ഇതാണ് പലർക്കും മനസിലാക്കാൻ കഴിയാത്തത്. അതുകൊണ്ട് അവർ സഭയെ ഭൗതിക സംഘടനയായി അവർ മാററിയിരിക്കയാണ്. അതുകൊണ്ടു അവരുടെ സംഘടനകൾക്കെല്ലാം ഓരോ മാനുഷിക തലയും തലസ്ഥാനവും അവർ രൂപപ്പെടുത്തിയിരിക്കുന്നു. ബൈബിളിലെ പുതിയ നിയമ സഭയുടെ ചിത്രം നിങ്ങൾക്കു കിട്ടുവാൻ അപ്പൊസ്തലനായ പൌലൊസിൻെറ ലേഖനങ്ങൾ വായിക്കണം. നിഷ്പ്പക്ഷമായി പരിശോധിച്ച് കാര്യങ്ങൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളുക.

ഏകമെന്ന് അല്ലെങ്കിൽ ഒന്ന് എന്നു വിവരിക്കുന്ന ഏഴു കാര്യങ്ങളെ പരാമർശിക്കുന്നുണ്ട്, എഫെസ്യ ലേഖനം 4-ാം അദ്ധ്യായത്തിൽ. നാമധേയ വിഭാഗീയതയിൽ വിശ്വസിച്ചുകൊണ്ട് ഒരാൾക്കു എഫെസ്യ ലേഖനത്തിലെ ഈ വിവരണം വിശ്വസിക്കാൻ പ്രയാസമാണ്. ''നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്ന്, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ'' (എഫെസ്യർ 1: 4-6). ക്രിസ്തുവിൻെറ ശരീരമാണ് സഭ. ആ സഭയുടെ തലയാണ് ക്രിസ്തു (എഫെസ്യർ 1:23). ഒരു ശരീരത്തിനു അനേക തലകളോ, ഒരു തലക്കു അനേക ശരീരങ്ങളോ ബൈബിളിനു അന്യമാണ്. അതുകൊണ്ടു നാമധേയ വിഭാഗങ്ങൾ അനുവദനീയമല്ല.

ക്രിസ്ത്യാനികളെ ഭിന്നിപ്പിക്കുവാൻ ശ്രമിച്ച ഒരു സംഭവം കൊരിന്തിൽ ഉണ്ടായിട്ടുണ്ട്. അവർ ഓരോരുത്തരുടെ പക്ഷം പിടിച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കാൻ നോക്കി. ദൈവ വചനം പ്രസ്താവിച്ചുകൊണ്ടിരുന്ന ഓരോ ഉപദേഷ്ടാക്കന്മാരുടെ പേരുകളാൽ അവർ അറിയപ്പെടണമെന്നു വിചാരിച്ചു. അപ്പൊസ്തലനായ പൌലൊസ് ഇതിനെ നിശിതമായി എതിർത്തു അവർക്കു ലേഖനം എഴുതി അയക്കുന്നുണ്ട്. സഹോദരന്മാരെ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. നിങ്ങളിൽ ഒരുത്തൻ, ഞാൻ പൌലൊസിന്റെ പക്ഷക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ, ഞാൻ അപ്പൊല്ലൊസിന്റെ പക്ഷക്കാരൻ ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നു പോൽ'' (1 കൊരിന്ത്യർ 1:10-12).

ഭിന്നതയുണ്ടാകരുതെന്നു കർത്താവു ആഗ്രഹിച്ചു പ്രാർത്ഥിച്ചു (യോഹന്നാൻ 17:21-23). അപ്പൊസ്തലൻ പറഞ്ഞു, ഭിന്നത ഉണ്ടാകരുത് എന്ന്. കർത്താവിന്റെ കല്പനകൾ അനുസരിച്ചു രക്ഷിക്കപ്പെടുന്നവർ കർത്താവിനാൽ ചേർക്കപ്പെട്ട അവന്റെ സഭയായിരിക്കും. ക്രിസ്തു ഒരിക്കലും വിഭജിക്കപ്പെട്ടിട്ടില്ല. നിങ്ങൾ എല്ലാവരും ആ ഏക ശരീരത്തിൽ അംഗങ്ങളായി തീരുവാൻ പുതിയ നിയമത്തിലെ കർത്താവിന്റെ നിബന്ധനകൾ അനുസരിക്കുക (മർക്കൊസ് 16:16; പ്രവൃത്തി 2:38; യോഹന്നാൻ 3:3-5). പുതിയ നിയമത്തിൽ നിങ്ങൾ വായിക്കുന്ന ക്രിസ്തുവിന്റെ സഭ ഒരു വിഭാഗമല്ല. അതു കർത്താവിന്റെ തന്നെ ശരീരമാണ്. നിങ്ങൾ ബൈബിൾ വിശ്വസിച്ച് അനുസരിച്ച് വിശ്വസ്തരായ ക്രിസ്ത്യാനികളായി കർത്താവിന്റെ സഭയിൽ നിലനില്ക്കുക.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** -The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services** and **Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To